പതിനാലാം കേരള നിയമസഭ

പതിനെട്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1255

06/02/2020-ൽ മറുപടിയ്ക്ക്

**സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ**

ചോദ്യം

ശ്രീ. വി . കെ. സി . മമ്മത് കോയ

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കിഫ്ബി വഴിയും അല്ലാതെയും സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 10 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി ഫെബ്രുവരി മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60% -ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വിയായി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ്

നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി ആയി 'കില'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) അതിൽ കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട സ്കൂളുകളുടെ എണ്ണം അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ മികവിന്റെ കേന്ദ്രമാക്കുന്നതിനായി 5 കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 13 സ്കൂളുകളേയും അടിസ്ഥാന സൗകര്യവികസനത്തിനായുള്ള 3 കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 45 സ്കൂളുകളേയും ഒരു കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 31 സ്കൂളുകളേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ആകെ എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു എത്ര എണ്ണം ആരംഭിച്ചു; വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്ത് മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിലും അടിസ്ഥാനസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത 96 സ്കൂളുകളിലും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. മികവിന്റെ കേന്ദ്രമാക്കുന്നതിൽ 21 സ്കൂളുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ 11 സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയായി.

**സെക്ഷൻ ഓഫീസർ**